I ഇ.ബി. XIII – കേരള നിയമസഭ/VI - 5

# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

വൈദ്യുതി പ്രതിസന്ധി

മി. സ്പീക്കർ: വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലൂടെ പവർക്കട്ടും വൈദ്യുതി നിരക്ക് വർദ്ധനയും നിലവിലുള്ള ഒരു മണിക്കൂർ ലോഡ് ഷെഡ്ഡിംഗിനോടൊപ്പം കടുത്ത വൈദ്യുത നിയന്ത്രണങ്ങളും ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തെ കാർഷിക-വ്യവസായ-വാണിജ്യമേഖലകളേയും വൈദ്യുതി ഉപഭോക്താക്കളെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. 75%-ത്തിലധികം വൈദ്യുതി ഉപയോഗിക്കുന്ന ഡയറക്ട് ഫീഡർ ഉള്ള എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കൾ സാധാരണ റേറ്റിന്റെ ഇരട്ടി തുകയും 80 യൂണിറ്റിനുമുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഡയറക്ട് ഫീഡറില്ലാത്ത എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കൾ നോർമൽ റേറ്റിൽ കൂടുതൽ തുകയും 300 യൂണിറ്റിനുമുകളിൽ ഉപയോഗിക്കുന്നവർ അത്രതന്നെ തുകയും ഫൈനായി നൽകണമെന്ന റഗുലേറ്ററി കമ്മീഷന്റെ 12-12-12-ലെ തീരുമാനപ്രകാരമാണ് വൈദ്യുതി ഉപഭോഗത്തിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതി ക്ഷാമമുള്ളതുകൊണ്ട് അമിത വിലയ്ക്ക് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് തുടരുകയാണെങ്കിൽ കെ.എസ്.ഇ.ബി-ക്ക് 2400 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റുണ്ടാകുമെന്നുള്ളതുകൊണ്ടാണ് നിരക്ക് വർദ്ധന പകലും രാത്രിയിലുമായി അര മണിക്കൂർ വീതം ലോഡ് ഷെഡ്ഡിംഗ്, എന്നിവ ഏർപ്പെടുത്തേണ്ടിവന്നത്.

ശ്രീ. എ. കെ. ബാലൻ: വൈദ്യുത ഉപഭോഗത്തിൽ കടുത്ത നിയന്ത്രണങ്ങളും നിയന്ത്രണങ്ങൾക്ക് മുകളിലുള്ള ഉപഭോഗത്തിന് വലിയ പിഴയും ഏർപ്പെടുത്തിക്കൊണ്ടുള്ള വൈദ്യൂതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ഉപഭോക്താക്കൾക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യതയും വ്യവസായങ്ങൾക്ക് പ്രതിസന്ധിയും സൃഷ്ടിച്ചിരിക്കുകയാണ്. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ സർക്കാർ ഗൗരവമായി കാണാത്തതും പ്ലാനിംഗിൽ വന്ന പിശകും വൈദ്യുതി പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. കേരളത്തിലെ

ഊർജ്ജപ്രതിസന്ധി തരണം ചെയ്യാൻ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ എത്രയുംവേഗം പൂർത്തിയാക്കുകയും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുകയും വേണം. കോൾ ലൈസൻസ് നൽകുന്ന നടപടി നിർത്തലാക്കിയ വിഷയത്തിൽ സർക്കാർ ഇടപെടാത്തത് പ്രതിഷേധാർഹമാണ്. കേരളത്തിന് ലഭ്യമാക്കേണ്ട വിഹിതത്തിൽനിന്നും 251 മെഗാവാട്ട് വെട്ടിച്ചുരുക്കിയ കേന്ദ്ര നടപടിക്കെതിരെ ശബ്ദമുയർത്താനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണം. ഈ വിഹിതം ലഭ്യമായാൽ കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിപൂർണ്ണമായി ഇല്ലാതാക്കാൻ കഴിയും. കൂടംകുളം പദ്ധതിയിൽനിന്ന് കേരളത്തിന് വൈദ്യുതി വിഹിതം ലഭിക്കാത്ത വിധത്തിലുള്ള കരാറാണ് പ്രധാനമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയും തമ്മിൽ ഉണ്ടാക്കിയിരിക്കുന്നത്. കൂടംകുളം പദ്ധതിയിൽ നിന്നുമുള്ള വൈദ്യുതി കൊണ്ടുവരാനുള്ള ലൈൻ വലിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണം. വ്യവസായങ്ങൾക്ക് താങ്ങാനാകുന്ന നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ആവശ്യപ്പെടുന്ന സമയത്തുതന്നെ നൽകാനുള്ള സംവിധാനമുണ്ടാക്കണം. 4000-ത്തോളം വരുന്ന വ്യവസായ സ്ഥാപനങ്ങൾ നിലനിൽപ്പിനുവേണ്ടി ശ്വാസംമുട്ടുന്ന സമയത്താണ് കേരളത്തെ പരിപൂർണ്ണമായും ഇരുട്ടിലാക്കുന്നതും കേരള ജനതയ്ക്ക് 2000 കോടി രൂപയുടെ അധിക ബാധ്യത ഏൽപ്പിക്കുന്നതുമായ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് വന്നിരിക്കുന്നത്. കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട വിഹിതം വാങ്ങി ഈ പ്രശ്നം പരിഹരിക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : എൽ.ഡി.എഫ്. സർക്കാർ ലോഡ് ഷെഡ്ഡിംഗും 75 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നതിന് അധിക ചാർജും 2008-ലെ റെഗുലേറ്ററി കമ്മീഷന്റെ ഓർഡറിലൂടെ നടപ്പാക്കിയിരുന്നു. ഇപ്പോൾ സംസ്ഥാനത്ത് 83 ലക്ഷം കൺസ്യൂമേഴ്സുള്ളതിൽ ഒരു ലക്ഷത്തോളം വരുന്ന സമ്പന്നൻമാരിൽനിന്ന് മാത്രം കൂടുതൽ ചാർജ് ഈടാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇടുക്കി പദ്ധതി കമ്മീഷൻ ചെയ്തശേഷം ഇത്രയധികം വെള്ളം കുറഞ്ഞ കാലമുണ്ടായിട്ടില്ല. ജലദൗർലഭ്യമുള്ള ഈ കാലഘട്ടത്തിൽ ചാർജ് കൂട്ടിയത് സർക്കാരിന്റെ കെടുകാര്യസ്ഥതയാണെന്ന് വിശേഷിപ്പിച്ചത് ദൗർഭാഗ്യകരമാണ്. 2003-04-നെ അപേക്ഷിച്ച് 2012-13-ൽ വെള്ളത്തിന്റെ സംഭരണം 45.66 ശതമാനമായിട്ടുണ്ട്. 2008-09-ൽ 71.63 ശതമാനം പവർ പർച്ചേയ്സിനുവേണ്ടി ചെലവിട്ട സ്ഥാനത്ത് 2012-13-ൽ റവന്യുവിന്റെ 103 ശതമാനം ചെലവിടുന്നുണ്ട്. ഊർജ്ജ സംരക്ഷണത്തിന് ഇന്ത്യാ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. സംസ്ഥാന മുഖ്യമന്ത്രിയുടേയും വകുപ്പുമന്ത്രിയുടേയും അഭ്യർത്ഥന മാനിച്ച് ഇപ്പോൾ റിക്കാർഡ് വിഹിതമായ 1369 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഗാഡ്ഗിൽ ഫോർമുല അനുസരിച്ചുള്ള ക്വോട്ടയ്ക്കുപുറമെ സ്പെഷ്യൽ പ്രോബ്ലം ഉണ്ടാകുമ്പോൾ അനുവദിക്കുന്ന അൺ-അലോട്ടഡ് ക്വോട്ടയുടെ പെർക്യാപിറ്റാ നോക്കിയാലും ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ലഭിക്കുന്ന സംസ്ഥാനവും കേരളമാണെന്ന് കാണാൻ കഴിയും. കൂടംകുളത്തുനിന്നുള്ള ലൈൻ വലിക്കുന്ന പദ്ധതി ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വൈദ്യുതി താരിഫ് വർദ്ധിപ്പിച്ചപ്പോഴും 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന

83 ലക്ഷത്തോളം വരുന്ന ഉപഭോക്താക്കളിൽനിന്നും ഫൈൻ ഈടാക്കിയില്ലെ ന്നുമാത്രമല്ല, അത്രയും തുക ഇലക്ട്രിസിറ്റി ബോർഡിന് നൽകാനും തീരുമാനിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് കൽക്കരി നിലയങ്ങൾക്ക് ലൈസൻസ് നൽകുന്നത് ക്യാൻസൽ ചെയ്തുകൊണ്ടുള്ള ഓർഡർ ഇറക്കിയിട്ടുണ്ട്. 2007-ൽ അലോക്കേഷൻ സമയത്ത് പറഞ്ഞിരുന്ന കണ്ടീഷൻസ് ഫുൾഫിൽ ചെയ്തില്ല എന്ന കാരണത്താലാണ് ഇന്റർ മിനിസ്റ്റേഴ്സ് ഗ്രൂപ്പിന്റെ യോഗം കൂടി അത് ക്യാൻസൽ ചെയ്തത്. എൽ.എൻ.ജി. കൊണ്ടുവരാനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) അനധികൃത മണലൂറ്റുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കേരളത്തിൽ അനധികൃതമായും അശാസ്ത്രീയമായും മണലൂറ്റുന്നതുമൂലം നദികളും നദീതട പദ്ധതികളും തകർച്ചയെ നേരിടുകയാണ്. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ മണലിന്റെ ലഭ്യത ഉറപ്പുവരുത്തുകയും പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുകയും മണൽ ലഭ്യമുള്ള നദികളിൽനിന്നും മണലെടുക്കുന്നതിനാവശ്യമായ പദ്ധതി

തയ്യാറാക്കുകയും അതിനായി ഒരു അതോറിറ്റി രൂപീകരിക്കുകയും വേണം. അനധികൃത മണലൂറ്റ് തടയുന്നതിനായി റവന്യൂ, പോലീസ് വകുപ്പുകൾ സംയുക്തമായി സ്ക്വാഡ് രൂപീകരിക്കണം. തുറമുഖത്തുനിന്നും ഡ്രെഡ്ജിംഗ് മുഖേന ശേഖരിക്കുന്ന ഉപ്പുകലർന്ന മണലിന്റെ റിഫൈനിംഗ് ടെക്നോള ജിയെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും പരിശോധിക്കുകയും വ്യത്യസ്ത മേഖലകളിൽ നടക്കുന്ന മണൽ കടവുകൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും എല്ലാ ജില്ലകളിലും മണൽ കലവറകൾ ആരംഭിക്കുകയും മണൽ വിതരണ ത്തിൽ ഓൺലൈൻ രജിസ്ട്രേഷനും പ്രീപെയ്ഡ് സംവിധാനവും ഏർപ്പെടു ത്തുകയും ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): അംഗീകൃത കടവുകളിൽനിന്നും ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവിൽ മണലെടുപ്പ് തടയുന്നതിന് കടവ് കമ്മിറ്റികളും അനധികൃ തമായ മണലെടുപ്പിനെതിരെ പോലീസ്-റവന്യൂ വകുപ്പുകളും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ കീഴിലുള്ള പ്രദേശത്തുനിന്നും ഡ്രെഡ്ജിംഗ് മുഖേന ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് വിൽപ്പന നടത്തുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചായിരി ക്കണമെന്ന വ്യവസ്ഥയുണ്ട്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം പ്രാവർത്തികമാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. മണൽ ലഭ്യമാക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം

ഡോ. എൻ. ജയരാജ്: സന്നദ്ധ സംഘടനകൾ നടത്തുന്നതും മാനസിക വെല്ലുവിളികൾ നേരിടുന്നതുമായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനും അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ കേന്ദ്രസഹായം ലഭിക്കാത്ത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷം പത്ത് കോടി രൂപ അനുവദിച്ചിരുന്നു. സ്പെഷ്യൽ സ്കൂളുകൾക്ക് ഈ വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ ഓണറേറിയം അപ്പർ പ്രൈമറി വിഭാഗത്തിൽ പ്രതിമാസം പതിനായിരം രൂപയും ഹൈസ്കൂൾ വിഭാഗത്തിൽ പതിനാലായിരത്തി അറുന്നൂറ്റി ഇരുപത് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പഠനകാര്യത്തിൽ സഹായിക്കുന്നതിന് റിസോഴ്സ് ടീച്ചേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സർക്കാർ സ്ഥാപനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനും തൊഴിൽ പരിശീലനത്തിനും സൗകര്യമുണ്ട്. മാനസിക വൈകല്യം നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുകൂല നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) പാല്യക്കര ടോൾ പ്ലാസയിലെ ടോൾ പിരിവ്

പ്രൊഫ. സി. രവീന്ദ്രനാഥ്: എൻ.എച്ച്. 47-ലെ പാല്യക്കര ടോൾ പ്ലാസയിലെ ടോൾ നിരക്ക് കുറയ്ക്കുന്നതിനും തെരുവു വിളക്കുകൾ കത്തിക്കുന്നതിനും സർവ്വീസ് റോഡുകൾ പൂർത്തീകരിക്കുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനും സ്കൈവാക് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(2) ഇരട്ടവീടുകൾ ഒറ്റവീട് ആക്കുന്നതിനുള്ള പുതുക്കിയ നിരക്ക്

ശ്രീ. വി.പി. സജീന്ദ്രൻ: എം.എൻ. ലക്ഷംവീട് പദ്ധതി പ്രകാരമുള്ള ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്നതിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇക്കാര്യത്തിൽ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (3) പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ടോൾ പിരിവ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിൽ വ്യാജ രസീതുപയോഗിച്ചുള്ള ടോൾ പിരിവ് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): നിർമ്മാണ ചെലവ് 10 കോടി രൂപയിലധികമാകുന്ന പാലങ്ങളിൽ പണി

പൂർത്തിയായി 45 ദിവസത്തിനകം ചുങ്കം പിരിവ് നടത്തണമെന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് 27-09-2012 മുതൽ പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിൽ ടോൾ പിരിവ് ആരംഭിച്ചത്. വ്യാജ രസീതുകളിലൂടെ ചുങ്കം പിരിക്കുന്നതായി പരാതി ലഭിച്ചതിനെത്തുടർന്ന് നടത്തിയ റെയ്ഡിൽ ക്രമക്കേടുകൾ കണ്ടെത്തുകയും അവിടത്തെ താത്ക്കാലിക ജീവനക്കാർക്കെതിരെ കേസ് ചാർജ്ജ് ചെയ്യുകയും അന്വേഷണം നടത്തിവരികയുമാണ്. ടോൾ പിരിവ് ഒഴിവാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി തീരുമാനമെടുക്കാൻ സാധിക്കുകയില്ല.

### (4) ഇ.എം.എസ്. സ്റ്റേഡിയം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ പണി എത്രയുംവേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിനായി നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച 2.47 കോടി രൂപയുടെ എസ്റ്റിമേറ്റ് 2 കോടി രൂപയാക്കി നിജപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിരുന്നത്. എസ്റ്റിമേറ്റ് തുക അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### (5) വന്യമൃഗ ശല്യം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: വയനാട്ടിലെ വന്യമൃഗ ശല്യത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കുകയും വന്യമൃഗത്തിന്റെ ആക്രമണത്തിനിരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ശാസ്ത്രീയമായ രീതിയിൽ ജനവാസ

കേന്ദ്രത്തെയും വനത്തെയും തരംതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): വ്യവസ്ഥാപിതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നൽകി വരുന്ന ധനസഹായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

**(6) ഇലക്ട്രിസിറ്റി ബോർഡ് സെക്ഷൻ ഓഫീസ്**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.-യുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കൊടുവള്ളി മണ്ഡലത്തിലെ ജനസംഖ്യയും സ്ഥലവിസ്തൃതിയും കെ.എസ്.ഇ.ബി.-യുടെ നോംസ് അനുസരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് പര്യാപ്തമാകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്.

**(7) സർക്കാർ/എയ്ഡഡ് കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. റ്റി.എ. അഹ്മദ് കബീർ: മങ്കട നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർക്കാർ/എയ്ഡഡ് മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ലെങ്കിലും സ്ഥലത്തിന്റെ ലഭ്യത, കെട്ടിട നിർമ്മാണം, അധിക സാമ്പത്തിക ബാദ്ധ്യത, കോഴ്സുകൾ, അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാർ എന്നിവസംബന്ധിച്ച് കോളേജ്

വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നിർദ്ദേശങ്ങളും ശുപാർശകളും ലഭ്യമാക്കി ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**(8) സിൻഡിക്കേറ്റ് അംഗത്തെ ഒഴിവാക്കിയ സാഹചര്യം**

ശ്രീ. ടി.വി. രാജേഷ്: കേരള സർവ്വകലാശാലാ നിയമനങ്ങളിൽ സംവരണം പുന:സ്ഥാപിക്കുന്നതിനും സിൻഡിക്കേറ്റ് അംഗമായ ശ്രീ. എസ്. വി. ദീപക്കിനെ ഒഴിവാക്കിയ തീരുമാനം പുന:പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ സിൻഡിക്കേറ്റ് മെമ്പർമാരുടെ യോഗത്തിൽ കേരള സർവ്വകലാശാലയിൽ നിന്നും പങ്കെടുത്ത 5 മെമ്പർമാർ ശ്രീ.എസ്. വി. ദീപകിന്റെ നേതൃത്വത്തിൽ യാതൊരു പ്രകോപനവുമില്ലാതെ യോഗനടപടികൾ തടസ്സപ്പെടുത്തുകയുണ്ടായി. കേരള സർവ്വകലാശാലാ(ഭേദഗതി) നിയമം, 2012 പ്രകാരം കേരള സർവ്വകലാശാല ആക്ട് 1974-ലെ സെക്ഷൻ 18 സബ് സെക്ഷൻ 3 ഭേദഗതി വരുത്തിയിട്ടുണ്ട്. വൈസ്ചാൻസിലറെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിൽ സർവ്വകലാശാല സെനറ്റിൽ തെരഞ്ഞെടുത്ത പ്രതിനിധി കൂടിയായ ആളിൽ നിന്നും പ്രതീക്ഷിക്കുന്ന സമീപനമുണ്ടാകാത്ത സാഹചര്യത്തിലാണ് ചാൻസിലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണ്ണർ വിവേചനാധികാരം ഉപയോഗിച്ച് സിൻഡിക്കേറ്റിൽനിന്നും അദ്ദേഹത്തെ പിരിച്ചുവിട്ടത്. അദ്ധ്യാപക നിയമനങ്ങളിൽ കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരവും കെ.എസ്.

ആന്റ് എസ്.എസ്. ആർ–ലെ ചട്ടങ്ങൾ പ്രകാരവുമുള്ള സംവരണ രീതിയാണ് പാലിച്ചുവരുന്നത്.

**9. അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

ശ്രീ. രാജു എബ്രഹാം: കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് പോലീസ്സ്റ്റേഷനുകളിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് അടിയന്തര നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന തൊഴിൽദായകർ ഇവരുടെ ഫോട്ടോയും വ്യക്തിഗത വിവരങ്ങളും സൂക്ഷിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ അതിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് ബന്ധമുണ്ടെങ്കിൽ അവരെക്കുറിച്ചുള്ള വിവരങ്ങൾ തൊഴിലാളികളിൽനിന്നോ തൊഴിൽ ദായകരിൽനിന്നോ ശേഖരിച്ച് നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ തൊഴിലാളികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഫോട്ടോ സഹിതം പോലീസ്സ്റ്റേഷനുകളിൽ രജിസ്റ്ററിൽ സൂക്ഷിക്കുന്നുണ്ട്. ഇവർക്കിടയിൽ തീവ്രവാദികളോ സാമൂഹ്യവിരുദ്ധരോ കടന്നുകൂടിയിട്ടുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും അന്യസംസ്ഥാനക്കാരുടെ ലേബലിൽ ബംഗ്ലാദേശുകാർ വന്ന് താമസിക്കുന്നുണ്ടോയെന്ന് രഹസ്യമായി വിവരം ശേഖരിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനകം ഇത്തരത്തിലുള്ള 67 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. മുൻപരിചയമില്ലാത്ത ആളുകളെ വീടുകളിൽ ജോലിക്ക് നിർത്താതിരിക്കുന്നതിനും ഇവരെക്കുറിച്ചുള്ള വിവര

ങ്ങൾ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനും ആളുകൾ തയ്യാറാകണം.

**(10) പാസ്പോർട്ട് വെരിഫിക്കേഷനിലെ കാലതാമസം**

ശ്രീ. പി. ഉബൈദുള്ള: പാസ്പോർട്ട് വെരിഫിക്കേഷനിലെ കാലതാമസം ഒഴിവാക്കുകയും മലപ്പുറം ജില്ലയിൽ പാസ്പോർട്ട് ആക്ടിന് വിരുദ്ധമായി നിസാരതെറ്റുകൾക്ക്പോലും കേസ് രജിസ്റ്റർ ചെയ്യുന്നതും അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): റൈറ്റ് ടു സർവ്വീസ് ആക്ട് അനുസരിച്ച് 20 ദിവസത്തിനകം വെരിഫിക്കേഷൻ പൂർത്തിയാക്കി പാസ്പോർട്ട് നൽകണം എന്നുള്ളതാണ് ഗവൺമെന്റിന്റെ നിർദ്ദേശം. പാസ്പോർട്ട് ഓഫീസിൽനിന്ന് വെരിഫിക്കേഷന് അയയ്ക്കുന്ന കാലതാമസം കുറയ്ക്കുന്നതിനും പാസ്പോർട്ടുകളുടെ എണ്ണത്തിനനുസൃതമായി പോലീസുകാരെ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. പാസ്പോർട്ടിൽ തിരുത്തലുകൾ വരുത്തുകയോ അനധികൃതമായി മാറ്റങ്ങൾ വരുത്തുകയോ ചെയ്യുന്നത് പാസ്പോർട്ട് ആക്ട് പ്രകാരവും ഇന്ത്യൻ പീനൽകോഡ് പ്രകാരവും ശിക്ഷാർഹമാണ്. നിസ്സാരമായ തെറ്റുകൾക്ക് പാസ്പോർട്ട് ആക്ടിന് വിരുദ്ധമായി കേസ് രജിസ്റ്റർ ചെയ്യുന്ന കാര്യം മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിനോട് അടിയന്തിരമായി അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

**(11) സി.എച്ച്.സി.കളിൽ ജീവനക്കാരെ അനുവദിക്കൽ**

ശ്രീ. എ.എം. ആരിഫ് : അരീക്കുറ്റി, തൈക്കാട്ടുശ്ശേരി, തുറവൂർ ആശുപത്രികളിൽ ഐ.പി.എച്ച്. സ്റ്റാൻഡേർഡ് അനുസരിച്ച് ഡോക്ടർമാരടക്കമുള്ള

ജീവനക്കാരെ നിയമിക്കുന്നതിനും ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) : അരൂർ നിയോജകമണ്ഡലത്തിൽ മൂന്ന് സി.എച്ച്.സി.കളും ഒരു താലൂക്കാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. 26 കിടക്കകളുള്ള പെരുമ്പളം സി.എച്ച്.സി.യിൽ ഒരു സിവിൽ സർജന്റേയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടേയും തസ്തിക അനുവദിച്ചിട്ടുള്ളതിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവുള്ളത് 19-ാം തീയതിക്കുശേഷം നികത്തുന്നതാണ്. ഇവിടെ എൻ.സി.ഡി. പ്രോജക്ട് പ്രകാരം ഒരു ഡോക്ടറും ഇതിന്റെ കീഴിൽവരുന്ന ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിൽ രണ്ട് ഡോക്ടർമാരും സേവനമനുഷ്ഠിക്കുന്നുണ്ട്. ഐ.പി. സൗകര്യമുള്ള അരൂക്കുറ്റി സി.എച്ച്.സി. -യിൽ 28 കിടക്കകളും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള ലാബ് സംവിധാനവും ലഭ്യമാണ്. ഇവിടെ ഒരു സിവിൽ സർജന്റെയും മൂന്ന് അസിസ്റ്റന്റ് സർജൻമാരുടെയും തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ ഒരു സിവിൽ സർജന്റെ ഒഴിവിലേയ്ക്ക് ഒരു മാസത്തിനകം നിയമനം നടത്തുന്നതാണ്. അമ്പത് കിടക്കകളും ആറ് പേവാർഡുമുള്ള തൈക്കാട്ടുശ്ശേരി സി.എച്ച്.സി.യിൽ നാല് അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടെങ്കിലും രണ്ടുപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ സേവനം അനുഷ്ഠിക്കുന്നതിനാൽ രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 26 കിടക്കകളും ലാബ്, എക്സ്-റേ തുടങ്ങിയ സൗകര്യങ്ങളുമുള്ള തുറവൂർ താലൂക്ക് ആശുപത്രിയുടെ പഴയ ഐ.പി. കെട്ടിടം പൊളിച്ച് മൂന്നു കോടി രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. ഡോക്ടർമാരുടെ ഏഴ് തസ്തിക അനുവദിച്ചിട്ടുള്ളതിൽ ഒരു ജൂനിയർ

കൺസൾട്ടന്റിന്റെ ഒഴിവിലേയ്ക്ക് ജനുവരി മാസത്തോടുകൂടി നിയമനം നടത്തുന്നതാണ്.

(12) <u>പ്രതിമാസ പെൻഷൻ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ജി. സുധാകരൻ</u> : നിലത്തെഴുത്താശാന്മാരുടെയും ആശാട്ടിമാരുടേയും പ്രതിമാസ പെൻഷൻ തുക 500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും അംഗൻവാടി/ബാലവാടി അദ്ധ്യാപകർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ഡോ. എം.കെ. മുനീർ)</u> : സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടിപ്പള്ളിക്കൂട നിലത്തെഴുത്താശാൻമാർക്കും ആശാട്ടിമാർക്കും നൽകിവരുന്ന ഗ്രാന്റ് 200 രൂപയിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(13) <u>ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി</u>

<u>ശ്രീ. അൻവർ സാദത്ത്</u> : ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ധനസഹായം രണ്ടു ലക്ഷം രൂപയായി ഉയർത്തിയ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിന് പഞ്ചായത്തുകൾക്ക് ധനസഹായം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ഡോ. എം.കെ. മുനീർ)</u> : ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 75,000 രൂപയും പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ഭവന നിർമ്മാണ സബ്സിഡി തുക പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ

വിഭാഗത്തിന് രണ്ടര ലക്ഷം രൂപയായും  വർദ്ധിപ്പിച്ചു. ഇതുപ്രകാരം ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. **10,462** ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. **31–03–2012**–ലെ എഗ്രിമെന്റ് പ്രകാരം പദ്ധതി പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് **363** കോടി രൂപ ആവശ്യമാണ്. ഇതിനായി  ഹഡ്കോയിൽനിന്നും **8.75** ശതമാനം പലിശ നിരക്കിൽ **600** കോടി രൂപ ഐ.ഇ.വൈ-ക്കും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കും നൽകാനുള്ള ഉത്തരവിറക്കിക്കഴിഞ്ഞു. ഇതിൽ **400** കോടി രൂപ പത്തുവർഷംകൊണ്ട് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥ ഇ.എം.എസ്. പദ്ധതിക്ക് നൽകിയിട്ടുണ്ട്.

### (14) പുരാവസ്തു പ്രദേശങ്ങളുടെ സമീപം നിർമ്മാണ പ്രവർത്തനം നിഷേധിക്കൽ

ശ്രീ. പി.എ. മാധവൻ : പൈതൃക പ്രദേശങ്ങളുടെ 300 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന പുരാവസ്തു വകുപ്പിന്റെ ഉത്തരവ് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നും നഷ്ടപരിഹാരം നൽകണമെന്നും ലഭിച്ചിട്ടുള്ള അപേക്ഷകളിൽമേൽ അനുകൂലമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : 1958-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത ആക്ട് പ്രകാരം  പുരാവസ്തു കേന്ദ്രങ്ങളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലം നിരോധിത മേഖലയും 200 മീറ്റർ ചുറ്റളവിലുള്ള സ്ഥലം നിയന്ത്രിത മേഖലയുമാണ്.  ഈ മേഖലയിൽ നിർമ്മാണ  പ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ്

നിയോഗിച്ചിട്ടുള്ള കോമ്പീറ്റന്റ് അതോറിറ്റി ഓഫീസിലെ ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറച്ചതുമൂലം ഓഫീസിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നതിനാൽ അപേക്ഷകളിൽമേൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ അനുഭവപ്പെടുന്ന പ്രയാസം കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരെ ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ചുമെന്റിലുമായി നിയമിക്കുന്നതും ലഭ്യമായ അപേക്ഷകളിൽമേൽ തീരുമാനമെടുക്കുന്നതുമാണ്.

(15) ആദിവാസി ഭൂസമരം

ശ്രീ. എം.പി. വിൻസെന്റ് : ഒളകര പട്ടിക വർഗ്ഗ വിഭാഗം കോളനിയിലെ ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനും ഇവരുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) : ഒളകര പട്ടികവർഗ്ഗ കോളനിയിൽ താമസിക്കുന്ന മലയൻ സമുദായത്തിൽപ്പെട്ട 40 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 75 സെന്റ് സ്ഥലം വീതം നൽകുന്നതിനുള്ള സ്കെച്ച് തയ്യാറാക്കിയിരുന്നു. എന്നാൽ ഈ അപേക്ഷകളിൽമേൽ തീർപ്പുണ്ടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ കോളനിക്കാർ 21-02-2012 മുതൽ വനപ്രദേശം കയ്യേറി കുടിൽകെട്ടുവാൻ ആരംഭിച്ചു. 05-03-2012-ൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രശ്നപരിഹാരത്തിന് റവന്യു, ഫോറസ്റ്റ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയുണ്ടായി. 17-12-2012 -ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (16) മണൽ മാഫിയ

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് ജില്ലയിൽ മണൽ മാഫിയയുടെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റവന്യു വകുപ്പിന്റെയും പോലീസിന്റെയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും മാഫി യയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്ന തിനും തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് ജില്ലയിലെ പലയിടങ്ങളിലും അനധികൃത മണൽവാരലും കടത്തും ഉയർന്ന വിലയ്ക്ക് മണൽ വിൽപ്പനയും നടക്കുന്നൂവെന്ന പരാതിയുടെ അടിസ്ഥാന ത്തിൽ ജില്ലയിലെ 3 താലൂക്കുകളിലും തഹസിൽദാർമാരുടെ നേതൃത്വ ത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ഈ വർഷം 44 മണൽ വാഹനങ്ങളും രണ്ട് തോണിയും മണലും കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. മണൽ സ്ക്വാഡ് ശക്തമായ കൊയിലാണ്ടി താലൂക്കിൽ മാഫിയാ ആക്രമണം ഉണ്ടായിട്ടുണ്ട്. 8-12-2012-ന് പുലർച്ചെ റെയ്ഡ് നടത്തിയ കോഴിക്കോട് ജില്ലാ കളക്ടറുടെ നേരെ വധശ്രമമുണ്ടായതിനെത്തുടർന്ന് 10-12-12- ന് ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മണൽമാഫിയ യ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ട്. 11-12-12- മുതൽ 3 താലൂക്കുകളിലും റവന്യൂ പോലീസ് സംയുക്ത സ്ക്വാഡ് രൂപീകരിച്ച് രാത്രിയും പകലും റെയ്ഡ് നടത്തുന്നുണ്ട്.

ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തിയ ഭേദഗതിയുടെ ആനുകൂല്യം

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ ജില്ലയിലെ വടക്കേകളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഭൂമി വിലയ്ക്ക് വാങ്ങുന്ന ചെറുകിട കർഷകരെ രക്ഷിക്കാൻ ചട്ടങ്ങൾ രൂപീകരിച്ച് നിയമഭേദഗതിക്കനുസൃതമായി നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 14-10-2011-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 4 ഏക്കർ ഭൂമി വരെ കൈവശക്കാർക്ക് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. നിയമത്തിൽ ചില ഭേദഗതികൾ വരുത്തിയും റൂൾസ് ഉണ്ടാക്കിയും ചെറുകിട കർഷകരെ രക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

മേശപ്പുറത്തുവച്ച കടലാസുകൾ:

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം:

1. 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു.
2. IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

   (1) 2012- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

   (2) 2012-ലെ കേരള തദ്ദേശസസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ

   (3) 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി ) ബിൽ

ധനകാര്യം

## 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു.

വിശദീകരണം

13-12-2012-ൽ വീണ്ടും വോട്ടെടുപ്പ് നടത്താനുണ്ടായ സാഹചര്യം

മി.സ്പീക്കർ: രാഷ്ട്രപതി തിരിച്ചയച്ച രജിസ്ട്രേഷൻ കേരള (ഭേദഗതി) ബിൽ പുനപരിഗണിക്കണമെന്ന പ്രമേയത്തിന്മേൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ ഭേദഗതിയുടെ വോട്ടിംഗ് രണ്ടാമതും നടത്തേണ്ടി വന്നു. ആദ്യ വോട്ടെടുപ്പിൽ ഭേദഗതിയെ അനുകൂലിച്ച് 53 പേരും പ്രതികൂലിച്ച് 69 പേരും വോട്ട് രേഖപ്പെടുത്തിയതായി വോട്ടിംഗ് ഡിസ്പ്ലെ ബോർഡിൽ കാണിച്ചു. തുടർന്ന് പ്രതിപക്ഷത്തുള്ള മൂന്ന് അംഗങ്ങളും ഭരണപക്ഷത്തുള്ള മൂന്ന് അംഗങ്ങളും തങ്ങളുടെ വോട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് വാക്കാൽ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനാൽ അവരുടെ വോട്ട് കൂടി ഉൾപ്പെടുത്തി അനുകൂലിച്ചവർ 56, പ്രതികൂലിച്ചവർ 72, എന്ന് ചെയർ പ്രഖ്യാപിക്കുകയാണ് ഉണ്ടായത്. വോട്ട് രേഖപ്പെടുത്തുന്ന ബട്ടണിൽ വോട്ട് രേഖപ്പെടുത്താൻ കഴിയാത്ത അംഗത്തിന് ഡിവിഷന്റെ ഫലം പ്രഖ്യാപിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ വോട്ട് വാക്കാൽ രേഖപ്പെടുത്താം എന്ന് ചട്ടം 301 (4) അനുശാസിക്കുന്നുണ്ട്. അതുപ്രകാരം വോട്ട് രേഖപ്പെടുത്തിയിട്ടില്ല എന്ന് ചൂണ്ടിക്കാണിച്ച ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ വോട്ട് കൂടി ഉൾപ്പെടുത്തിയാണ് ചെയർ ഫലം പ്രഖ്യാപിച്ചത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ

നിന്നും ഭരണപക്ഷത്തുള്ള രണ്ട് അംഗങ്ങളുടെയും പ്രതിപക്ഷത്തുള്ള ഒരംഗത്തിന്റെയും വോട്ട് യഥാർത്ഥത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഇലക്ട്രോണിക് ഡിസ്പ്ലെ ബോർഡിൽ ലൈറ്റ് തെളിയാതിരുന്നതുകൊണ്ട് വന്ന ഒരു പിശകാണെന്ന് ചെയർ മനസ്സിലാക്കുന്നു. വോട്ടിംഗ് മെഷീനിൽ സാങ്കേതിക പിഴവ് വരുന്നത് സ്വാഭാവികമാണ്. അതിനാലാണ് വീണ്ടും വോട്ടെടുപ്പ് നടത്തിയത്. റീ-പോളിംഗിൽ ഭേദഗതി അനുകൂലിച്ച് 55-ഉം പ്രതികൂലിച്ച് 70-ഉം പേർ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ചെയർ പ്രഖ്യാപിക്കുന്ന വോട്ടെടുപ്പ് ഫലത്തെ ചോദ്യം ചെയ്യാൻ പാടില്ലെന്ന് ചട്ടം 301 (5) -ന് വിരുദ്ധമായ കാര്യങ്ങൾ പലപ്പോഴും സഭയിൽ ഉണ്ടാകുന്നത് ദൗർഭാഗ്യകരമാണ്. ഇലക്ട്രോണിക് വോട്ടിംഗ് ഡിസ്പ്ലെ ബോർഡിൽ തെളിയുന്ന ഫലത്തിൽ തങ്ങളുടെ വോട്ട് രേഖപ്പെടുത്തിയിട്ടില്ല എന്ന് വാക്കാൽ ചൂണ്ടിക്കാണിക്കുന്ന ഒരംഗത്തിനെ വിശ്വാസത്തിൽ എടുത്തുകൊണ്ട് അംഗത്തിന്റെ വോട്ട് കൂടി ഉൾപ്പെടുത്തി ഫലം പ്രഖ്യാപിക്കുവാനേ ചട്ടപ്രകാരം കഴിയൂ. ഇന്നലെയും സംഭവിച്ചത് അതാണ്. സുഗമമായി സഭ നടത്തിക്കൊണ്ടുപോകുന്നത് ചെയറിന്റെ മാത്രം ഉത്തരവാദിത്വമായി കാണാതെ ഇരുവിഭാഗം അംഗങ്ങളുടേയും സഹകരണം ചട്ടങ്ങൾക്ക് വിധേയമായി ഉണ്ടാകണം എന്ന അഭ്യർത്ഥനയുണ്ട്.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>

(i) <u>2012-ലെ കേരള സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ</u>

(ശ്രീ. പി. ശ്രീരാമകൃഷ്ണൻ നോട്ടീസ് നൽകിയത്)

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> 2012-ലെ കേരള സംസ്ഥാനത്തെ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാജു</u> : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസ നവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: പ്രമേയത്തെ എതിർക്കുന്നു. ബില്ലിന്റെ ഉള്ളടക്കത്തോട് വിയോജിപ്പില്ലെങ്കിലും അവതരണാനുമതിക്ക് സർക്കാർ അനുകൂലമല്ല. സഭ യിൽ ചർച്ച ചെയ്യുന്നതിൽ വിയോജിപ്പില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> ഇന്ത്യയിലെ ദരിദ്ര ജനവിഭാഗത്തിന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ വർഷത്തിൽ നൂറു ദിവസം തൊഴിൽ ലഭ്യമാ ക്കുന്നതിന് കേന്ദ്രസർക്കാർ രൂപപ്പെടുത്തിയ ദേശീയ തൊഴിലുറപ്പ് പദ്ധതി യിലൂടെ നൂറു ദിവസം തൊഴിലുറപ്പുവരുത്താനും തൊഴിലാളികളുടെ വേതനം 320 രൂപയായി വർദ്ധിപ്പിക്കാനും തൊഴിൽ സമയം രാവിലെ 9 മണി

മുതൽ വൈകുന്നേരം 4 മണി വരെയാക്കി ക്ലിപ്തപ്പെടുത്താനും നടപടിയുണ്ടാകണം. പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ടാക്സ് റേറ്റ് കൂലി നിശ്ചയിക്കണം. വികസനാധിഷ്ഠിതമായ തൊഴിൽ കൊടുക്കണമെന്ന് നിയമത്തിൽ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും അതിൽനിന്നും വ്യതിചലിച്ചാണ് ഇപ്പോൾ തൊഴിൽ നൽകിവരുന്നത്. കാർഷികോത്പാദന മേഖലകളിലേയ്ക്ക് ഇത് വിന്യസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ഈ മേഖലയിൽ പണിയെടുക്കുന്ന 23 ലക്ഷത്തോളം ആളുകൾക്ക് സർക്കാരിന് വലിയ ബാദ്ധ്യതയില്ലാത്ത വിധത്തിൽ ഒരു ക്ഷേമനിധി കൊണ്ടുവരാനാണ് ഈ ബിൽ വിഭാവന ചെയ്യുന്നത്.

(ചർച്ച തുടരും)

(ii) <u>2012-ലെ കേരള ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണ ബിൽ</u>

(ശ്രീ. പി. ശ്രീരാമകൃഷ്ണൻ നോട്ടീസ് നൽകിയത്)

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> 2012-ലെ കേരള ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാജു</u> : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ.വി.എസ്. ശിവകുമാർ):</u> പ്രമേയത്തെ എതിർക്കുന്നു. ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> ഫിസിയോതെറാപ്പിസ്റ്റുകളെ പാരാമെഡിക്കൽ സ്റ്റാഫുകളാക്കി മാറ്റണോ വേണ്ടയോയെന്ന തർക്കത്തെക്കുറിച്ചാണ്

കേസ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ 13 കോളേജുകളിൽ നിന്നും ഫിസിയോതെറാപ്പി കോഴ്സ് കഴിഞ്ഞ 500 വിദ്യാർത്ഥികൾ വർഷംതോറും പുറത്തിറങ്ങുകയാണ്. രോഗനിർണ്ണയത്തിന് നവീന രീതിയിലുള്ള ഒരു ഫിസിക്കൽ ഡയഗ്നോസിസാണ് ഇവർ നടത്തുന്നത്. ഫിസിയോതെറാപ്പിസ്റ്റുകളുടെ യോഗ്യതകളെയും പ്രാക്ടീസിനെയും സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത ദൂരീകരിക്കാൻ നടപടിയുണ്ടാകണം. സിദ്ധ, ആയുർവേദ, ഹോമിയോ, യുനാനി, നഴ്സിംഗ് എന്നിവയ്ക്കെല്ലാം കൗൺസിലുണ്ട്. ഫിസിയോതെറാപ്പിക്ക് മാത്രം കൗൺസിൽ പാടില്ലെന്ന നിലപാട് അംഗീകരിക്കാൻ കഴിയില്ല. 10 സ്പെഷ്യാലിറ്റികളുള്ള ഈ മേഖലയെ പാരാമെഡിക്കൽ കൗൺസിലിൽ ഉൾപ്പെടുത്താനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. കൗൺസിലിനെ എതിർക്കുന്നവരുടെ കൂട്ടത്തിൽ ഗവൺമെന്റ് വരരുത്. ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള കൗൺസിൽ രൂപീകരിക്കണം.

(ചർച്ച തുടരും)

## (iii) 2012-ലെ കേരള അവയവദാന ലൈസൻസിംഗ് ബോർഡ് ബിൽ

(ശ്രീ. ബെന്നി ബെഹനാൻ നോട്ടീസ് നൽകിയത്)

ശ്രീ. ബെന്നി ബെഹനാൻ : 2012-ലെ കേരള അവയവദാന ലൈസൻസിംഗ് ബോർഡ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : 1994-ലെ അവയവദാനം സംബന്ധിച്ച കേന്ദ്ര

നിയമമനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ നിയമം പാസ്സാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

ശ്രീ. ബെന്നി ബെഹനാൻ : നിലവിലുള്ള കേന്ദ്ര നിയമത്തിൽ ഒരുപാട് അപാകതകളുണ്ട്. മനുഷ്യന്റെ ചില അവയവങ്ങൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ ദാനം ചെയ്യാവുന്നതും മറ്റ് ചിലവ മരണാനന്തരം ദാനം ചെയ്യാവുന്നതുമാണ്. മരണാനന്തരം സമയപരിധികഴിഞ്ഞാൽ കണ്ണുകൾ മാത്രമേ ദാനം ചെയ്യാൻ സാധിക്കുകയുള്ളൂ. മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ ദാനം കൊടുക്കാവുന്ന അവയവങ്ങൾ ബന്ധുക്കളുടെ സമ്മതത്തോടെ വളരെ പെട്ടെന്നുതന്നെ എടുക്കണം. ജീവിച്ചിരിക്കുമ്പോൾത്തന്നെ അവയവങ്ങൾ ദാനം ചെയ്ത് മാതൃക കാണിച്ച നിരവധിപേരുണ്ട്. പോസ്റ്റ്മോർട്ടത്തിലെ നിബന്ധനകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും മറ്റും കേന്ദ്രനിയമത്തിൽത്തന്നെ മാറ്റം വരുത്തേണ്ടതുണ്ട്.

(ചർച്ച തുടരും)

## (iv) 2012-ലെ കേരള ദുരന്ത നിവാരണ അതോറിറ്റി ബിൽ

(ശ്രീ. ബെന്നി ബെഹനാൻ നോട്ടീസ് നൽകിയത്)

ശ്രീ. ബെന്നി ബെഹനാൻ : 2012-ലെ കേരള ദുരന്ത നിവാരണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : 2005-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിനെത്തുടർന്ന് സംസ്ഥാന സർക്കാർ 2007-ൽ റൂൾസ് കൊണ്ടുവന്നിട്ടുണ്ട്. 2010-ൽ ദുരന്ത

നിവാരണ അതോറിറ്റി പുനഃസംഘടിപ്പിച്ച് ഉത്തരവിറക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമത്തിന്റെ ആവശ്യമില്ല.

ശ്രീ. ബെന്നി ബെഹനാൻ : കേരളത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രാധാന്യം ഇന്ന് വർദ്ധിച്ചിരിക്കുകയാണ്. സുനാമി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഡിസാസ്റ്റർ മാനേജ്മെന്റിന് ശക്തമായി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുള്ള മെഷിനറിയും സാങ്കേതികമായ വൈഭവവും ഉണ്ടാക്കാൻ കഴിഞ്ഞാൽ മരണസംഖ്യ കുറയ്ക്കാൻ കഴിയും. ശാസ്ത്രീയമായ പഠനം നടത്തി ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് ബോധവൽക്കരണം നൽകണം. അണക്കെട്ടുകൾ തകർന്നോ തീപിടുത്തം മൂലമോ ദുരന്തമുണ്ടായാൽ എങ്ങനെ അതിനെ നേരിടണമെന്ന മാർഗ്ഗരേഖ ഉണ്ടാക്കണം. പെട്രോളിയം ഉൽപ്പന്നങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ ദുരന്തം ഒഴിവാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ദുരന്തം സംഭവിച്ചാൽ അടിയന്തരമായി ഇടപെടുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്തതുകൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം.

(ചർച്ച തുടരും)

## (v) 2012-ലെ ഇന്ത്യൻ പീനൽ കോഡ് (കേരള അമെന്റ്മെന്റ്) ബിൽ

(ശ്രീ. ഹൈബി ഈഡൻ നോട്ടീസ് നൽകിയത്)

ശ്രീ. ഹൈബി ഈഡൻ : 2012-ലെ ഇന്ത്യൻ പീനൽ കോഡ് (കേരള അമെന്റ്മെന്റ്) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അർഹതയില്ലാത്തവർ ബി.പി.എൽ. കാർഡ് നേടിയതായി കണ്ടുപിടിച്ചാൽ അവർക്ക് ശരിയായ ശിക്ഷ നൽകണമെന്നുള്ള ഭേദഗതി ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളതിനോട് തത്വത്തിൽ യോജിക്കുന്നു. ഈ രംഗത്തെ തെറ്റായ നടപടികൾക്കെതിരെ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്.

ശ്രീ. ഹൈബി ഈഡൻ : ഐ.പി.സി. 420-ൽ വരുത്തേണ്ട ഭേദഗതിയെ സംബന്ധിച്ചാണ് ഈ ബിൽ പ്രതിപാദിക്കുന്നത് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവർ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അവസ്ഥ നില നിൽക്കുന്നുണ്ട്. **14000**-ലധികം സർക്കാർ ജീവനക്കാരടക്കം അനർഹരായ ഒരുപാടുപേർ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ നിയമ നിർമ്മാണം നടത്തി കുറ്റക്കാരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(അജണ്ടയിലെ ശേഷിച്ച ഇനങ്ങൾ പരിഗണിക്കപ്പെട്ടില്ല.)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

* * * * * * * * * * *